# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 535 — 06.03.2012 ൽ മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. എ. മാധവൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, വി. ഡി. സതീശൻ<br>,, എം. പി. വിൻസെന്റ്: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) & (ബി)<br>വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നല്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (സി) മാറിയ ആഗോള സാഹചര്യങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് വൈദഗ്ദ്ധ്യം ലഭിച്ചവരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; | (സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചീഫ് എക്സിക്ക്യൂട്ടീവ് ഓഫീസർമാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരെഞ്ഞെടുക്കുന്നതിനും ഡയറക്ടർ ബോർഡുകൾ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി നടത്തുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി നടത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദവിവരം അനുബന്ധം I & II ആയി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം — I**

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കായി 54.10 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ തുകയിൽ 10 കോടിരൂപ KELTRON ന്റെ നവീകരണമുൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. കമ്പനികൾക്ക് അനുവദിച്ച സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ടെക്സ്റ്റൈൽ മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി Kerala State Textile Corporation Ltd, Texfed ന്റെ അധീനതയിൽ വരുന്ന സ്പിന്നിംഗ് മില്ലുകൾ എന്നിവയ്ക്കായി 14.45 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരവും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ Steel Complex Ltd, Kerala Electrical & Allied Engineering Company Ltd, Sitaram Textiles, Kerala Automobiles Ltd, SILK, Forest Industries Travancore Ltd, Kerala State Drugs & Pharmaceuticals Ltd, Keltron Component Complex Ltd, KSEDC എന്നീ സ്ഥാപനങ്ങളുടെ നവീകരണപ്രവർത്തനങ്ങൾക്കായും പ്രവർത്തന മൂലധനത്തിനുള്ള മാർജിൻമണിയിനത്തിലും ബഡ്ജറ്റിൽ നിന്ന് സഹായം അനുവദിച്ചു വരുന്നു.

ബഡ്ജറ്റിൽ നിന്നും കമ്പനികൾക്ക് അനുവദിച്ച സഹായത്തിന്റെ വിവരം അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.

KELTRON ന്റെ BIFR ന് സമർപ്പിക്കുന്നതിനായുള്ള പുനരുദ്ധാരണ പാക്കേജിൽ സർക്കാർ G.O.(MS).No.183/11/ID dated;26-08-2011 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കമ്പനിയുടെ ആതറൈസ്ഡ് ഷയർ ക്യാപ്പിറ്റൽ 200 കോടിരൂപയായി ഉയർത്തുന്നതിനും 84.37 കോടിരൂപയുടെ വായ്പകൾ ഇക്വിറ്റിയായി മാറ്റുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ 82.67 കോടിരൂപയുടെ പലിശ 2015-16 വരെയുള്ള കാലയളവിലേക്ക് മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇന്റർനെറ്റ് അധിഷ്ടിത വെബ് പോർട്ടൽ RIAB-ൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം [Daily Monitoring System], മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു.

വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB മുഖേനയും, കമ്പനിതലത്തിലും നടപ്പിലാക്കി വരുന്നു.

കമ്പനികളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ RIAB മുഖേന ചാർട്ടേർഡ് അക്കൗണ്ടന്റ്സിന്റെ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്നു മാത്രമേ ഇന്റേണൽ ഓഡിറ്റേഴ്സിനെ നിയമിക്കാവൂയെന്ന നിർദ്ദേശവും നിലവിലുണ്ട്.

മാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരെഞ്ഞെടുക്കുന്നതിനും ഡയറക്ടർ ബോർഡുകൾ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി മേൽപ്പറഞ്ഞവ കൂടാതെ സർക്കാരിന്റെ ഒരു വർഷത്തെ കർമ്മപരിപാടികളിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ ചുവടെ ചേർക്കുന്നു.

മലബാർ സിമന്റ്സിൽ ലഭ്യമായിട്ടുള്ള വിവരസാങ്കേതിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ E-tendering, e-procurement എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

നിർമ്മാണം പൂർത്തീകരിച്ച പുതിയ വ്യവസായ സംരംഭങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി G.O.(Ms).No.223/2011/ID dated 02.12.11 പ്രകാരം ഒൻപത് പൊതുമേഖലാസ്ഥാപനങ്ങളിലും ജീവനക്കാരെ നിയമിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേന്ദ്ര പൊതുമേഖലയുമായുള്ള സംയുക്ത സംരഭങ്ങളായ SCL-SAIL, Autokast - Railway എന്നീ പദ്ധതികൾപൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്ന തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ MOU സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമായി 2012-13 ൽ 20 പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുനതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിൽ അനുവർത്തിക്കുന്നതു പോലെ സാമൂഹിക പ്രതിബദ്ധത പദ്ധതികൾ ആവിഷ്കരിക്കുന്നതിനും MoU സംവിധാന ത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

Accountant General യുമായി യോജിച്ചുകൊണ്ടുള്ള പെർഫോമൻസ് ആഡിറ്റ് സംവിധാനം

പൊതുമേഖലാ സ്ഥാപനങ്ങങ്ങളിലെ പ്രൊക്യുർമെന്റ് സംവിധാനം സുതാര്യ മാക്കുന്നതിനുവേണ്ടി കേന്ദ്ര വിജിലൻസ് കമ്മിഷന്റെ നിർദ്ദേശ പ്രകാരം Independent External Monitor (IEMs) കളെ നിയമിക്കുന്നതിനു വേണ്ടി ഒരു പാനൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ റിയാബ് മുഖേന സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

## Details of funds sanctioned / released to PSUs - 2011-12 for release of funds from the head of account 4885-60-800-96(P)- Rs.5410 lakhs under Department of Industries & Commerce

| Sl.No | Company | Purpose | Amount allotted / sanctioned by Working Group / Spl WG. (Amount In Lakhs) | Amount released to PSUs till date (Rs.in Lakhs) | Date of release of funds to PSUs (Date of Demand draft) | Remarks as on 29-02-12 |
|---|---|---|---|---|---|---|
| A | Funds released till date | | | | | |
| 1 | Steel Complex Ltd | Working Capital Support | 300.00 | 300.00 | 26-11-2011 [Date of Demand Draft] | GO.(Rt).No.878/11/ID dated 18-7-11 G.O.(Rt).No.1329/11/ID dated 25-10-11 |
| 2 | The Kerala Minerals and Metals Ltd | Against payment given from KMML to SCL for settling the pending KSEB dues in line with JV agreement with SAIL. | 460.37 | 460.37 | 12-01-2012 [Date of Demand Draft] | GO(MS)No.104/11/ID dated 31-03-2011 GO.(Rt)No.6073/2011/Fin dated 05-08-11 issued by Fin(Bud-C) Dept |
| 3 | Alleppey Co-operative Spinning Mills Ltd | Immediate assistance for Centralised Cotton Purchase. | 62.00 | 62.00 | 23-12-2011 [Date of Demand Draft] | Approved in the Working Group Meeting held on 03-08-11. Money released |
| 4 | Cannannore Co-operative Spinning Mills Ltd | Immediate assistance for Centralised Cotton Purchase. | 103.00 | 103.00 | 23-12-2011 [Date of Demand Draft] | Approved in the Working Group Meeting held on 03-08-11. Money released |
| 5 | Malappuram Co-operative Spinning Mills Ltd | Immediate assistance for Centralised Cotton Purchase. | 127.00 | 127.00 | 23-12-2011 [Date of Demand Draft] | Approved in the Working Group Meeting held on 03-08-11. Money released |
| 6 | Quilon Co-operative Spinning Mills LTD | Immediate assistance for Centralised Cotton Purchase. | 127.00 | 127.00 | 23-12-2011 [Date of Demand Draft] | Approved in the Working Group Meeting held on 03-08-11. Money released |
| 7 | Trichur Co-operative Spinning Mills Ltd | Immediate assistance for Centralised Cotton Purchase. | 124.00 | 124.00 | 23-12-2011 [Date of Demand Draft] | Approved in the Working Group Meeting held on 03-08-11. Money released |
| 8 | Sitaram Textiles Ltd | Immediate assistance for Centralised Cotton Purchase. | 75.00 | 75.00 | 10-01-2012 [Date of Demand Draft] | Approved in the Working Group Meeting held on 03-08-11.G.O.(Rt).No.1059/2011/ID dated 23-08-11. |
| 9 | Kerala Automobiles Ltd [WG on 25-11-11] | Cost for Partial revitalisation | 287.93 | 287.93 | 30-01-2012 [Date of Demand Draft] | Money released. GO(Rt).No.1589/11/ID dated 16--12-2011 |
| 10 | United Electrical Industries Ltd [WG on 25-11-11] | Short term financial support | 285.00 | 285.00 | 10-02-2012 [Date of Demand Draft] | Money released. |
| 11 | Kerala State Textile Corporation Ltd | Immediate assistance for Centralised Cotton Purchase. | 782.00 | 782.00 | 17-02-2012 [Date of Demand Draft] | G.O.(Rt).No.1373/2011/ID dated 03-11-2011. Amount drawn |
| 12 | Kerala Electrical & Allied Engineering Company Ltd [WG on 25-11-11] | Financial assistance for refurbishment of Plant & Machinery at Kundara unit. | 300.00 | | | ID file No.32775/D1/11/ID [07-01-12 to 31-01-12 at Fin.Dept, From 24-02-12 at FD] |

| Sl.No | Company | Purpose | Amount allotted / sanctioned by Working Group / Spl WG. (Amount In Lakhs) | Amount released to PSUs till date (Rs.in Lakhs) | Date of release of funds to PSUs (Date of Demand draft) | Remarks as on 29-02-12 |
|---|---|---|---|---|---|---|
| 13 | Autokast Ltd [WG on 25-11-11] | Sand Reclamation Plant | 155.00 | | | ID No.32481/D2/11/ID [4-01-12 to 13-02-12 at FD. From 21-02-12 at FD. Admn Sanction issued vide G.O.(Rt).No.1636/11/ID dated 23-12-2011. |
| 14 | Sitaram Textiles Ltd [WG on 25-11-11] | For modernisation of certain key Back Process Machinery | 300.00 | | | ID No.34032/C3/11/ID [10-02-12 to 24-02-12 at FD]. AS issued vide G.O.(Rt).No.1585/2011/ID dated 16-12-2011. FD agreed to release Rs.1.50 crores. Draft GO under submission at Ind Dept. |
| 15 | Steel Industrials Kerala Ltd [WG on 25-11-11] | Renovation of GEW | 200.00 | | | ID No.32483/D2/11/ID [31-01-12 to 23-2-12 at FD] File returned to Ind Dept for details reg utilisation. Will submit shortly. |
| 16 | Steel Industrials Kerala Ltd [WG on 25-11-11] | VRS dues | 47.87 | | | ID No.26669/D2/10/ID [31-01-12 to 23-2-12 at FD] File returned to Ind Dept for details reg utilisation. Will submit shortly. |
| 17 | Forest Industries (Travancore) Ltd [WG on 25-11-11] | Modernisation of plant | 200.00 | | | ID No.21970/G2/12/ID. Final releasing order being prepared at Industries G2 section. |
| 18 | Kerala State Textile Corporation Ltd [WG on 25-11-11] | Settlement of KSEB dues of erstwhile Kerala Spinners takenover by Govt. | 45.00 | | | ID No.10657/C3/11/ID. AS issued vide G.O.(Rt).No.1586/2011/ID dated 16-12-11. Final releasing order being prepared at Industries C section. |
| 19 | Kerala State Drugs and Pharmaceuticals Ltd [Spl WG on 26-11-11] | Modernisation | 483.90 | | | Administrative sanction issued vide GO(MS).No.17/12/ID dated 14/2/12. File No.5693/H3/12/ID. Awaiting reappropriation proposal from DIC. |
| 20 | KSEDC [Spl WG on 1-2-12 | Rs.10 crores specifically allocated to Revival of KELTRON | 1000.00 | | | ID No.17515/D3/11/ID. Administrative sanction issued on 15-02-12 for Rs.6 crores. Awaiting reappropriation proposal from DIC.<br><br>As requested, revised details in the SWG proforma has been sent to Finance and Planning dept [vide UO Note No.17515/d3/11/ID] for issuing minutes of SWG meeting for Rs.4 crores which was approved in the meeting held on 01-02-12. |
| | Grand Total | | 5,465.07 | 2,733.30 | | |